141 (722) ജനകീയാസൂത്രണ പദ്ധതി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കൊടുമൺ പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ ഉണ്ടായതായി പറയപ്പെടുന്ന ക്രമക്കേടുകളെ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്;

(ബി) ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കാതിരിക്കാൻ കാരണമെന്ത്;

(സി) റിപ്പോർട്ട് ലഭിച്ചില്ലെങ്കിൽ എന്തു നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചുവരുന്നു.

142 (723) വീട് നിർമ്മിച്ച് നൽകിയതിലെ അഴിമതി

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിലെ ചെട്ടികുളങ്ങര പഞ്ചായത്തിൽ 11-ാം വാർഡിൽ പുകുവന പടിറ്റതിൽ ശ്രീ രാമചന്ദ്രൻ ഭൂരഹിത ഭവനരഹിത പദ്ധതി പ്രകാരം ഭൂമി വാങ്ങി വീട് വയ്ക്കുന്ന പദ്ധതിയിൽ നിർമ്മിതി കേന്ദ്രം പണിക്ക് നൽകിയ വീടിന്റെ നിർമ്മാണത്തിനുള്ള ക്രമക്കേടുകളും അഴിമതിയും സംബന്ധിച്ച വിജിലൻസ് അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കുമോ?

ഉത്തരം

പരാതി ലഭിക്കുന്ന മുറയ്ക്ക് അനുയോജ്യമായ നടപടി സ്വീകരിക്കുന്നതാണ്.

143 (724) കൊല്ലം നഗരസഭയിൽ ശുചീകരണജോലി ചെയ്യുന്ന ബി. എൽ.ആർ. തൊഴിലാളികൾ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരസഭയിൽ ശുചീകരണജോലി ചെയ്യുന്ന എത്ര ബി.എൽ.ആർ. തൊഴിലാളികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ പ്രതിദിന വേതനം എത്രയാണ്;

(സി) ഇവരിൽ അഞ്ചു വർഷത്തിലേറെക്കാലമായി ഈ തൊഴിൽ ചെയ്യുന്നവർ എത്രപേരുണ്ട്;

(ഡി) നഗരസഭയിൽ ശുചീകരണ വർക്കർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഇ) ബി.എൽ.ആർ. തൊഴിലാളികൾ ജോലിസ്ഥിരത ആവശ്യപ്പെട്ട് നിവേദനം നൽകിയിട്ടുണ്ടോ,

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വ്യത്തിഹീനമായ സാഹചര്യത്തിൽ ജോലിചെയ്യുന്ന ഈ വിഭാഗത്തിൽപ്പെട്ടവർക്ക് മാനുഷിക പരിഗണനയുടെ പേരിൽ ജോലിസ്ഥിരതയും അർഹമായ ആനുകൂല്യങ്ങളും നൽകാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദിവസക്കൂലി വ്യവസ്ഥയിൽ 104 തൊഴിലാളികളെ നിയോഗിച്ചു വരുന്നുണ്ട്.

(ബി) 84 രൂപ.

(സി) 33 പേർ.

(ഡി) 11

(ഇ) ഉണ്ട്.

(എഫ്) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാത്ത നിയമിക്കപ്പെട്ട ബി.എൽ.ആർ. തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാൻ കഴിയുകയില്ല. ആയതിനാൽ സ്ഥിരപ്പെടുത്തുന്നതുമൂലമുണ്ടാകുന്ന ആനുകൂല്യങ്ങൾക്ക് ഇവർക്ക് അർഹതയുണ്ടാകുന്നതല്ല.

144 (725) പഞ്ചായത്ത് നടപടിക്രമങ്ങൾ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണിക്കാവ് പഞ്ചായത്ത് പ്രസിഡന്റ് ജീവനക്കാരെ ആരെയെങ്കിലും സസ്പെന്റ് ചെയ്തിരുന്നോ;

(ബി) എങ്കിൽ അവർക്കെതിരെ അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ ആരോപണങ്ങൾ അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ;

(സി) ഏതെങ്കിലും ശിക്ഷാ നടപടി സ്വീകരിക്കണമെന്നും സ്ഥലം മാറ്റണമെന്നും പഞ്ചായത്ത് കമ്മിറ്റി ഗവൺമെന്റിന് ശുപാർശ ചെയ്തിരുന്നോ;

(ഡി) എങ്കിൽ ശുപാർശ ഗവൺമെന്റ് അംഗീകരിക്കുകയുണ്ടായോ;

(ഇ) കുറ്റക്കാരനെന്നു കണ്ട ജീവനക്കാരെ പഞ്ചായത്തിന്റെ എതിർപ്പ് അവഗണിച്ച് അതേ പഞ്ചായത്തിൽ തന്നെ നിയമിക്കുകയുണ്ടായോ;

(എഫ്) പഞ്ചായത്തിന്റെ താൽപര്യത്തിന് എതിരായ നിയമനം കോടതി സ്റ്റേ ചെയ്യുകയുണ്ടായോ;

(ജി) കോടതി നിർദ്ദേശം നടപ്പിലാക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(എച്ച്) പഞ്ചായത്ത് ഭരണത്തിന്റെ ഉത്തമ താൽപര്യങ്ങൾക്ക് അനുയോജ്യരല്ലെന്ന് പഞ്ചായത്ത് കമ്മിറ്റി കരുതുന്ന ഉദ്യോഗസ്ഥരെ ആ പഞ്ചായത്തിൽനിന്നും മാറ്റണമെന്ന് ആവശ്യപ്പെടാൻ നിയമം അനുവദിക്കുന്നുണ്ടോ;

(ഐ) വികേന്ദ്രീകൃത അധികാരപ്രകാരം ഇത്തരം ആവശ്യം ഗവൺമെന്റ് അംഗീകരിക്കാറുണ്ടോ;

(ജെ) എങ്കിൽ ഭരണിക്കാവ് പഞ്ചായത്ത് സമിതിയുടെ ആവശ്യം അംഗീകരിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly